# തത്തമ്മ

മുറ്റത്തു നിൽക്കുന്ന അത്തിമരത്തിന്മേൽ,
തത്തിക്കളിക്കുന്ന തത്തമ്മേ,
പുന്നാരം മൂളിനീ;
കിന്നാരപാട്ടുമായ്,
നെന്മണികൊത്തി കൊറിക്കാൻ വാ

നൃത്തം ചവിട്ടുന്ന പാദങ്ങളും,
ചെന്നിറം ചാലിച്ച ചുണ്ടുകളും,
വിണ്ണിലെ വീട്ടീന്നു തന്നതാണോ തത്തേ,
മണ്ണീന്നെടുത്തണിഞ്ഞതാണോ?

രാമെച്ച വിശറിപോൽ വിടർന്നു വിലസും,
പട്ടുതൂവൽ നെയ്ത വാലുമായി,
ആരെയും മയക്കുന്ന നയനങ്ങളിൽ,
കള്ളനാണം ഒളിപ്പിക്കും തത്തമ്മേ.

അമ്മൂമ്മ നൽകുന്ന വാഴപ്പഴം തരാം,
താരാട്ടു പാടിയുറക്കിത്തരാം;
ഓടികളിക്കാം, ചാടി തിമിർക്കാം,
കൈകോർത്തു നമ്മൾക്കീ മുറ്റംചുറ്റാം.